# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1109

12/07/2016 - ൽ മറുപടിക്ക്.

## ക്ലീൻ കേരള കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ഡോ..കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പിനി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 30.03.2013 ലെ 135/2015/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2013 ലെ ഇന്ത്യൻ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി രജിസ്റ്റർ ചെയ്ത് 13.12.2013 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി ആരോഗ്യരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും, ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. |
| (സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (സി) (1) സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഇ-മാലിന്യങ്ങൾ കിലോഗ്രാമിന് അഞ്ചു രൂപ നിരക്കിൽ വാങ്ങി ക്ലീൻ കേരള കമ്പനി ശാസ്ത്രീയമായി പുനഃചംക്രമണത്തിനും, തുടർന്നുള്ള സംസ്കരണത്തിനും സംവിധാനം ഏർപ്പെടുത്തുന്നു.<br>(2) സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ 02.10.2014 ൽ ഒരു പ്രത്യേക ഏകദിന യത്നത്തിലൂടെ ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരിക്കുകയുണ്ടായി.<br>(3) കെ.എസ്.ഇ.ബി യുമായി ചേർന്ന് നടപ്പിലാക്കുന്ന നഗര സൗന്ദര്യവത്കരണ പദ്ധതിയുടെ ഭാഗമായി |

അനഃധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ് ബോർഡുകൾ നീക്കം ചെയ്ത് മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി 15.01.2015 മുതൽ ആരംഭിക്കുകയുണ്ടായി.

(4) റെയിൽവേയുമായി സഹകരിച്ചുകൊണ്ട് തിരുവന്തപുരം റെയിൽവേ ഡിവിഷന്റെ കീഴിലുള്ള തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷൻ, ചിറയിൻകീഴ് റെയിൽവേ സ്റ്റേഷൻ എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

(5) സംസ്ഥാനത്ത് കൊച്ചിയിൽ സ്ഥാപിതമായ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നടത്തിപ്പിന്റെ ചുമതല സർക്കാർ കമ്പനിയെ ഏൽപ്പിക്കുകയും 2015 ഡിസംബർ മാസം മുതൽ കമ്പനി ഈ ചുമതല നിർവ്വഹിച്ച് വരികയുമാണ്.

സെക്ഷൻ ഓഫീസർ